പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4145 16.05.2017-ലെ മറുപടിക്ക്

## കണ്ടക്ടർ കം ഡ്രൈവർ/ഡ്രൈവർ കം കണ്ടക്ടർ തസ്തിക

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ കം ഡ്രൈവർ/ ഡ്രൈവർ കം കണ്ടക്ടർ എന്ന ഒരു പുതിയ തസ്തിക ഇപ്പോൾ സൃഷ്ടിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഡ്രൈവർ കം കണ്ടക്ടർ / കണ്ടക്ടർ കം ഡ്രൈവർ എന്ന നിലയിൽ ഒരു പുതിയ തസ്തിക സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഡ്രൈവർ വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും കണ്ടക്ടർ ലൈസൻസ് നേടിയ ജീവനക്കാരെയും, കണ്ടക്ടർ വിഭാഗം ജീവനക്കാരിൽ നിന്നും ഡ്രൈവർമാരുടെ യോഗ്യതയുള്ള ജീവനക്കാരെ ഡ്രൈവർമാരായും ദീർഘദൂര സർവ്വീസുകളിൽ ഉപയോഗിക്കുന്നതിനായി ഒരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ 24.01.2017 മുതൽ ആരംഭിച്ചിട്ടുണ്ട്. അതിനായി 02.05.2017-ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | കണ്ടക്ടർ ലൈസൻസുള്ള ഡ്രൈവർമാർക്കും, ഹെവിഡ്രൈവിങ് ലൈസൻസുള്ള കണ്ടക്ടർമാർക്കും പുതിയ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ കഴിയുമോ; | | |
| (സി) | കണ്ടക്ടർ, ഡ്രൈവർ വിഭാഗങ്ങൾക്ക് ഡബിൾ ഡ്യൂട്ടി ഒഴിവാക്കുന്നതിന്റെ ഭാഗമായാണോ പ്രസ്തുത നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവിംഗ് ലൈസൻസും പരിചയവുമുള്ള ഒരു ഡ്രൈവർ കൂടി ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും എന്നതും, മറ്റ് സംസ്ഥാനങ്ങളിലെ ആർ.ടി.സികളിലും വിജയകരമായി ഈ സംവിധാനം നടപ്പിലാക്കുന്നു എന്നതിനാലും, ജീവനക്കാരുടെ അദ്ധ്വാനശേഷി പൂർണ്ണമായും ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ദീർഘദൂര ബസുകളിൽ ഇപ്പോൾ ഡ്രൈവറും കണ്ടക്ടറുമായി എത്ര പേരെയാണ് അയക്കുന്നതെന്നും പുതിയ സംവിധാനത്തിൽ ഇതിൽ മാറ്റം വരുമോ എന്നും വ്യക്തമാക്കുമോ? | (ഡി) | ദീർഘദൂര ബസ്സുകളിൽ ഇപ്പോൾ ക്രൂ ചെയ്ഞ്ച് /ഡ്രൈവർ ചെയ്ഞ്ച് സംവിധാനമാണ് തുടർന്ന് വരുന്നത്. ഒരു ബസ്സിൽ ഒരു കണ്ടക്ടറെയും ഒരു ഡ്രൈവറെയുമാണ് വിനിയോഗിക്കുന്നത്.<br>ഈ സംവിധാനം നടപ്പിലാക്കുന്നതോടെ ഒരു ഡ്രൈവറും, ഡ്രൈവർ കം കണ്ടക്ടർ / കണ്ടക്ടർ കം ഡ്രൈവർ ആയി ഒരു ജീവനക്കാരനെയുമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**